No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2020–ലെ ആർക്കിടെക്ചർ റാങ്ക് തയ്യാറാക്കുന്നതിന് യോഗ്യതാപരീക്ഷയുടെ മാർക്കും നാറ്റാ സ്കോറും ഓൺലൈനായി സമർപ്പിക്കണം

2020–21 അധ്യയന വർഷം കേരളത്തിലെ ആർക്കിടെക്ചർ (ബി.ആർക്ക്) പ്രവേശനത്തിനായി കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തിയ നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA-2020) പരീക്ഷയിൽ ലഭിച്ച സ്കോറിനും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കിനും തുല്യ പരിഗണന നൽകി പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലായിരിക്കും. പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി 2020–ലെ ആർക്കിടെക്ചർ പ്രവേശനത്തിനായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷിച്ചിട്ടുള്ള NATA ടെസ്റ്റിൽ യോഗ്യരായ വിദ്യാർത്ഥികൾ അവരുടെ നാറ്റാ–2020 സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച ആകെ മാർക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'KEAM 2020-Candidate Portal'** എന്ന ലിങ്കിലൂടെ അപേക്ഷാർത്ഥികൾക്ക് അവരവരുടെ അപേക്ഷാ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി ഹോം പേജിൽ പ്രവേശിച്ച ശേഷം **'Mark Submission for B.Arch'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് നാറ്റാ– 2020 സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും സമർപ്പിക്കാവുന്നതാണ്. മാർക്കുകൾ വെബ്സൈറ്റിൽ നിഷ്ക്കർഷിക്കുന്നതുപോലെ രേഖപ്പെടുത്തി '**Submit Mark Data**' എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. അതിനുശേഷം '**Upload NATA Score Card and Plus Two Mark Sheet'** എന്ന പേജിലൂടെ വിദ്യാർത്ഥി പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) മാർക്ക് ഷീറ്റിന്റെയും, **നാറ്റാ–2020** സ്കോർ കാർഡിന്റെയും **pdf** ഫോർമാറ്റുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്‌ലോഡ് ചെയ്യുന്ന സർട്ടിഫിക്കറ്റുകൾ/ രേഖകൾ വ്യക്തതയുള്ളതും വായിക്കാൻ കഴിയുന്നതും അപാകതയില്ലാത്തതുമായിരിക്കണം. അതിനുശേഷം **'Print Mark Submission Confirmation Report'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് കൺഫർമേഷൻ റിപ്പോർട്ടിന്റെ പ്രിന്റൗട്ട് എടുത്ത് വിദ്യാർത്ഥി സൂക്ഷിക്കേണ്ടതാണ്. ഇവ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല. അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകളുടെ അസ്സൽ പകർപ്പുകൾ അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ടതും അഡ്മിഷൻ അധികാരികൾ അവ പരിശോധിക്കുന്നതുമാണ്. മാർക്കിൽ വ്യത്യാസം കാണുന്ന പക്ഷം അഡ്മിഷൻ റദ്ദാക്കപ്പെടുന്നതാണ്.

സി.ബി.എസ്.ഇ. പോലെയുള്ള ഒരു വർഷത്തെ മാർക്ക് മാത്രം ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ടാം വർഷത്തെ മാർക്ക് രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റ് **നാറ്റാ–2020** സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്താൽ മതിയാകും. എന്നാൽ കേരള ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി പോലെ രണ്ട് വർഷത്തെ മാർക്കുകൾ ലഭ്യമായ ബോർഡുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ രണ്ട് വർഷത്തെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി പ്രസ്തുത മാർക്ക് ലിസ്റ്റുകൾ നാറ്റാ–2020 സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഡിപ്ലോമ യോഗ്യതയുള്ള വിദ്യാർത്ഥികൾ എല്ലാ സെമസ്റ്ററുകളുടെയും ആകെ മാർക്കുകൾ രേഖപ്പെടുത്തി എല്ലാ സെമസ്റ്ററിലെയും മാർക്ക് ലിസ്റ്റുകൾ നാറ്റാ–2020 സ്കോർ കാർഡിനൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

നാറ്റാ സ്കോറും, യോഗ്യതാ പരീക്ഷയിൽ (പ്ലസ്ടു/തത്തുല്യം) ലഭിച്ച മാർക്കും ഓൺലൈനായി സമർപ്പിക്കുന്നതിനും അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനും **22.09.2020 മുതൽ 26.09.2020 വൈകുന്നേരം 4.00 മണി വരെ വെബ്സൈറ്റിൽ** സൗകര്യം ലഭ്യമാകുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം മാർക്കുകൾ സമർപ്പിക്കാത്ത വിദ്യാർത്ഥികളെയും 2020–ലെ നാറ്റാ യോഗ്യത നേടാത്തവരെയും ആർക്കിടെക്ചർ പ്രവേശനത്തിനുള്ള റാങ്കിന് പരിഗണിക്കുന്നതല്ല.

**Help Line Number: 0471-2525300**

തിരുവനന്തപുരം
22.09.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**